# അടിസ്ഥാനശത്രു—ദാരിദ്ര്യം

സി. ജെ. തോമസ്



അടിസ്ഥാനശത്രു—ദാരിദ്ര്യം
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Waifs, a painting by Thomas Benjamin Kennington. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# അടിസ്ഥാനശത്രു—ദാരിദ്ര്യം

സ്വാതന്ത്ര്യത്തിനുനേരെ ഒരു ഭീഷണിമാത്രമേ ഞാൻ കാണുന്നുള്ളൂ. അതു ദാരിദ്ര്യമാണ്. മറ്റെല്ലാ ഭീഷണികളും ഒന്നുകിൽ ദാരിദ്ര്യത്തിന്റെ രൂപഭേദമോ, അല്ലെങ്കിൽ അതിൽ നിന്നുത്ഭവിക്കുന്നവയോ മാത്രമാണ്.

ദാരിദ്ര്യം രണ്ടു നിലകളിലാണ് ജീവിതത്തെ നിഷേധിക്കുന്നത്. ഒന്ന്: സാമൂഹ്യമണ്ഡലത്തിൽ, രണ്ട്: ആത്മമണ്ഡലത്തിൽ. ഇവരണ്ടും വ്യക്തമാക്കുവാൻ സ്വാതന്ത്ര്യം എന്നതിനെപ്പറ്റി ഒരു സാധാരണ വിവരണം ആവശ്യമാണ്.

സ്വാതന്ത്ര്യം എന്നത് എന്തും ചെയ്യാനുള്ള ലൈസൻസല്ല. നിയന്ത്രണങ്ങളുടെ അഭാവവുമല്ല. അത് ഒരു പോസിറ്റീവ് ഗുണമാണ്. അത് ശാരീരികമല്ല, ആത്മീയമാണ്. അതുകൊണ്ടുതന്നെ അത് കൊടുക്കാനാവില്ല. സ്വയം എടുക്കേണ്ടതാണ്. അത് ആർക്കും നിഷേധിക്കാനാവില്ല. കാരണം അതു സമൂഹത്തിന്റെ സൃഷ്ടിയല്ല, വ്യക്തിയുടെ മനോഭാവമാണ്. ആത്മാഭിമാനമുള്ളവനെ അസ്വതന്ത്രനാക്കുവാൻ യാതൊരു ശക്തിക്കും കഴിവില്ല. ചങ്ങലകളെയും തലച്ചോറ് അലക്കുന്നവരേയും അത് അതിജീവിക്കും. ജീവിക്കുമ്പോൾ ഉള്ള ഒരു മാനസികാവസ്ഥയാണത്. മരണത്തെക്കുറിച്ചുള്ള ഭയം അതിനെ സ്പർശിക്കുകയില്ല. അത്രവരെ പോകാനുള്ള കഴിവുമാത്രമേ സ്വാതന്ത്ര്യബോധമെന്ന പേരു കൊടുക്കാനാവൂ.

ആ സ്ഥിതിക്ക് സ്വാതന്ത്ര്യത്തിന് എന്തെങ്കിലും ഭീഷണിയുണ്ടാകാൻ കഴിയുമോ എന്നൊരു ചോദ്യമുത്ഭവിക്കാം. ഒരു കണക്കിൽ പറഞ്ഞാൽ, ഇല്ല. പക്ഷേ, സാമൂഹ്യമായി നോക്കുമ്പോൾ ദാരിദ്ര്യം അസ്വാതന്ത്ര്യത്തിലേക്ക് ഒരു പ്രേരണയാണ്. ജോലി തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമില്ലാതിരിക്കുക, ചെയ്ത ജോലിക്കു കൂലി പറഞ്ഞു വാങ്ങാൻ അവകാശമില്ലാതിരിക്കുക എന്ന വ്യവസ്ഥയ്ക്ക് രാഷ്ട്രീയവശത്ത് അസ്വാതന്ത്ര്യം എന്നും സാമ്പത്തികരംഗത്ത് ദാരിദ്ര്യം എന്നുമാണ് പേര്. അഭിമാനത്തോടെ ജോലിചെയ്യുന്ന ഒരുവൻ പിച്ചയെടുക്കാൻ—അതു സർക്കാർ വകയാലും—ഇഷ്ടപ്പെടുന്നില്ല. അല്പം കുറഞ്ഞാലും വേണ്ടില്ല, അതു മുട്ടുമടക്കാതെ സമ്പാദിക്കണമെന്നാണവന്റെ ലക്ഷ്യം.

രണ്ടാമത്തെ നിലവാരത്തിൽ, ഭീഷണിപ്പെടുത്തുന്നത് വ്യക്തികളുടെ ആത്മാവിനെയാണ്. തകർന്നടിഞ്ഞ ഒരു തറവാട്ടിൽ ജനിക്കുന്ന ഒരു വ്യക്തിയെ ഉദാഹരണമായിട്ടെടുക്കൂ. ദുസ്സഹമായ ദാരിദ്ര്യം അയാൾ ബാല്യത്തിൽ അനുഭവിക്കേണ്ടിവരുന്നു. ഇതിന്റെ ഫലമായി ഒരു വശത്ത് ബഹിർലോകത്തോടുള്ള തീരാത്ത വിരോധവും, മറുവശത്ത് പണത്തോട് അടങ്ങാത്ത ആർത്തിയും ഉണ്ടായിത്തീരുന്നു. രാഷ്ട്രീയമായി അയാൾ വിപ്ലവകാരിയുടെ വേഷം അഭിനയിക്കുന്നതോടൊപ്പം സ്വകാര്യരംഗത്ത് ദീപസ്തംഭവിശ്വാസിയായിരിക്കും. ആത്മാവു മുരടിപ്പിക്കുക എന്നതാണ് ഇവിടെ ചെയ്തിരിക്കുന്നത്. ആത്മാർത്ഥതയുണ്ടാവാൻ ഇടയുള്ള വ്യക്തികൾ അങ്ങനെ അധമബോധത്തിന്റെ മൂർത്തീകരണമായും അവന്റെ പ്രതിഭ വില്പനച്ചരക്കായും തീരുന്നു. സ്വയം അങ്ങനെയായതുകൊണ്ട് അന്യരേയും അങ്ങനെ കാണാനുള്ള വാസനയും ജനിക്കുന്നു. ഈ മാനസികാവസ്ഥയിൽ യാതൊരു കലാസൃഷ്ടിയും സാദ്ധ്യമല്ല.

ഇതാണു ദാരിദ്ര്യം മനുഷ്യാത്മാവിനോടു ചെയ്യുന്ന ദ്രോഹം. ഒരു വശത്ത് അത് സഹൃദയന്റെ മനസ്സിനെ വരട്ടുന്നു. ജീവിതായോധനസമരത്തിൽ സൗന്ദര്യങ്ങൾ അവഗണിക്കപ്പെടുന്നു. താൽക്കാലികരസം മാത്രമുള്ള കലാഭാസങ്ങളുടെ പുറകേ പോകാൻ അവൻ നിർബന്ധിതനായിത്തീരുന്നു. മറുവശത്താകട്ടെ, കലാകാരന്റെ മനസ്സിനെ രക്ഷിക്കാനാവാത്തവിധം മലിനമാക്കുന്നു. വികൃതമാക്കുന്നു. ചുരുക്കി പറഞ്ഞാൽ ദാരിദ്ര്യത്തെ ജയിക്കുകയെന്നത് കലാസൃഷ്ടിക്കും കലാസ്വഭാവത്തിനും ഒരുപോലെ ആവശ്യമാണ്. അതിൽകൂടിയാണ് സ്വാതന്ത്ര്യത്തിലേക്കുള്ള മാർഗ്ഗം.

നിർഭാഗ്യവശാൽ ഇന്ന് ദാരിദ്ര്യമെന്നത് ഒരു രോഗമായിട്ടല്ല ഗണിക്കപ്പെടുന്നത്. അതൊരു മുദ്രാവാക്യമാണ്—അസ്വാതന്ത്ര്യം വർദ്ധിപ്പിക്കുവാനുള്ള ഒരു മുദ്രാവാക്യം. ദാരിദ്ര്യ ദൂരീകരണത്തിന്റെ പേരിൽ റഷ്യയിലും ചൈനയിലും നടന്ന മഹാവഞ്ചനകൾ ഇപ്പറഞ്ഞതിന് ഉദാഹരണമാണ്. അവിടെ എന്തെങ്കിലും കുറെ ഭൗതികസമ്പത്തുണ്ടെന്നു പറഞ്ഞതുകൊണ്ടു ഫലമില്ല. അവിടെ യജമാനവർഗ്ഗമൊഴിച്ചെല്ലാവരും പരിപൂർണ്ണദരിദ്രരാണ്. സ്വന്തം തൊഴിൽ പോലും വിൽപ്പാൻ സ്വാതന്ത്ര്യമില്ലാത്ത തൊഴിലാളി അഭിമാനമുള്ള മനുഷ്യനല്ല; മനുഷ്യരൂപം പൂണ്ട യന്ത്രമാണ്. സമഗ്രാധിപത്യത്തിന് എതിരായ ചിന്തമാത്രമാണ് സ്വാതന്ത്ര്യത്തിന്റെ രക്ഷാകവചം. അതിന്റെ പ്രായോഗികവശം ദാരിദ്ര്യം നീക്കാനുള്ള പരിശ്രമവും.

# സി. ജെ. തോമസ്



മലയാള നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ടരൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെട്ടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author …*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്കിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്കു്/സുഹൃത്തുക്കൾക്കു് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who’s who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014